"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ സുനിൽ കുമാർ എസ് -നെ ആശുപത്രി സൂപ്രണ്ട് ചുമതലയിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.28/2024/AYUSH തീയതി,തിരുവനന്തപുരം, 30-01-2024

പരാമർശം:- 1. സർക്കാരിൽ ലഭിച്ച 04.01.2023 തീയതിയിലെ പരാതി

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29.04.2023, 22.12.2023 എന്നീ തീയതികളിലെ ഡിഎംഇ/205/2023-എ നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം (1) പ്രകാരം തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രി സൂപ്രണ്ടിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വൈസ് പ്രിൻസിപ്പാൾ എന്നിവരെ ഉൾപ്പെടുത്തി കോളേജ് പ്രിൻസിപ്പൽ അന്വേഷണ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ അന്വേഷണ റിപ്പോർട്ട് പരാമർശിത കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രകാരം, ആശുപത്രി സൂപ്രണ്ടായ ഡോ സുനിൽകുമാർ അന്വേഷണ സമിതി മുൻപാകെ 03.10.2023 ന് ഹാജരായി മൊഴി നൽകുകയുണ്ടായി. ടി റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും പരാതിക്കാരൻ പരാതിപ്പെട്ടിരിക്കുന്ന കാലയളവിൽ ക്രമപ്രകാരമല്ലാതെയുള്ള നിയമനങ്ങൾ (വൗച്ചർ നിയമനം) നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ആശുപത്രി വികസന സമിതിയിൽ ക്രമപ്രകാരമല്ലാത്ത കാര്യങ്ങൾ നടക്കുന്നുണ്ടെന്നും പരാതിയിൽ കഴമ്പുള്ളതായും അന്വേഷണ സമിതി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ മേൽ റിപ്പോർട്ടിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ.സുനിൽ കുമാർ എസ് - നെ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ ചുമതലയിൽ നിന്നും ഒഴിവാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ ചുമതല കൈമാറുന്നതിനുള്ള തുടർനടപടികൾ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡോ സുനിൽ കുമാർ എസ്, സൂപ്രണ്ട്( ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 30-01-2024 14:56:20

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു ആയുഷ് വകുപ്പ് മന്ത്രിയുടെ പി എസിന്.